25 Years

Chicago Knanaya Catholic Parish Bulletin

Sacred Heart Knanaya Catholic Church, 611 Maple St., Maywood, IL 60153

St. Mary's Parish Unit, 5212 W. Agatite Ave, Chicago, IL 60630

August 3, 2008, Vol. 3, Issue 45

All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm

# Welcome to Our Dignitaries for
# Silver Jubilee Celebration of Knanaya Catholic Mission



Mar Kuriakose Kunnacherry
Founder of the Mission



Archbishop Mar
Mathew Moolakkatt



Bishop Mar
Jacob Angadiath



Bishop Mar
George Pallipparambil



Thomas Chazhikadan
M.L.A.



Joseph George Kanattu
President, K.C.C. Kottayam

**SILVER JUBILLEE CELEBRATION OF KANANAYA CATHOLIC MISSION**

**On Sunday August 3, 2008 at 10:00 A.M.**

Chief Guests:

**His Grace Mar Mathew Moolakkatt**
**His Excellency Mar Jacob Angadiath**
**His Excellency Mar George Pallipparambil**
**Mr. Thomas Chazhikadan M.L.A.**
**Prof. Joseph George Kanattu, President, Knanaya Catholic Congress, Archeparchy of Kottayam.**

Program:

9:45 A.M. Reception to dignitaries
10:00 A.M. Thanksgiving Mass
11:45 A.M. Public Meeting



Rev. Fr. Saji Mukkoott and participants of the first regular Syro-Malankara Holy Mass offered in our church on July 20, 2008. We will have Syro-Malankara Holy Mass on First Sundays of the month at 8:30 A.M.

## PASTOR / VICAR

**Fr. Abraham Mutholath**
**5212 W. Agatite Ave., Chicago, IL 60630.**
**(773) 412-6254 (cell) mutholath2000@yahoo.com**
***www.knanayaregion.us/chicago***
**For a list of all Voluntary Staff, please visit:**
***www.knanayaregion.us/chicago/staff.htm***

## HOLY MASS

**SUNDAY 10:00 A.M.**
**5:30 P.M. at OLV, 5212 W. Agatite Ave, Chicago**
**ENGLISH MASS at 11:30 A.M. during Religious Education School days.**
**THURSDAY 7:00 P.M. Community Center**
**FRIDAY 7:00 P.M.**
**SATURDAY 10:00 A.M.**

## SYRO-MALANKARA MASS

**First Sundays of the month at 8:30 A.M.**

## RELIGIOUS EDUCATION

**ON SUNDAYS 10:00 A.M. to 11:15 A.M.**
**3:45 P.M. to 5:00 P.M. at OLV for St. Mary's Unit**
**(Schools are now closed for summer.**
**Will reopen in September).**

## ADORATION

**ALL: First Fridays after Mass.**

## RECONCILIATION / CONFESSION

**First Saturdays from 10:00 A.M.**

## NOVENAS

**B.V. Mary after Saturday 10:00 A.M. Mass.**
**St. Jude Novena on Thursdays at 7:00 P.M. at Community Center.**
**St. Michael 3rd Fridays of the month after 7:00 P.M. Mass.**

## PRAYER GROUP

**Sundays after 10:00 A.M. Mass.**

## ST. VINCENT DE PAUL SOCIETY

**Sundays after 10:00 A.M. Mass**

## LEGION OF MARY

**Saturdays after 10:00 A.M. Mass.**

## MEN'S & WOMEN'S MINISTRIES

**Third Saturday after 10:00 A.M. Mass**

## PARISH VOLUNTEERS' MEETING

**First Friday evenings after Holy Mass.**




## Schedule of Events

**SATURDAY, AUGUST 2, 2008**
Holy Mass and Novena at 10:00 A.M.

**SUNDAY, AUGUST 3, 2008**
**SILVER JUBILEE CELEBRATION OF KNANAYA CATHOLIC MISSION.**
**Reception to Mar Mathew Moolakkatt, Mar Jacob Angadiath, and Mar George Pallipparambil at 9:45 A.M. followed by Holy Mass and Jubilee Meeting.**
Registration for Religious Education Schools begins today.

**Mass at OLV at 5:30 P.M. by Bishop Mar George Pallipparambil and homily by Archbishop Mar Mathew Moolakkatt.**

**THURSDAY, AUGUST 7, 2008**
Holy Mass, Novena and Benediction at Community Center at 7:00 P.M.

**FRIDAY, AUGUST 8, 2008**
Holy Mass at 7:00 P.M.

**SATURDAY, AUGUST 9, 2008**
Holy Mass and Novena at 10:00 A.M.

**SUNDAY, AUGUST 10, 2008**
**PRO-LIFE DAY OBSERVANCE**
Holy Mass at 10:00 A.M.

Mass at OLV at 5:30 P.M.

**THURSDAY, AUGUST 14, 2008**
Holy Mass, Novena and Benediction at Community Center at 7:00 P.M.

## *IN LOVING MEMORY OF*



***Joseph Abraham (ഏപ്പചേട്ടൻ)***
***Aikkaraparambil***

***6th Death anniversary***
***08-03-2008***

***By sorrowing family***



# വികാരിയുടെ സന്ദേശം

## കഴിഞ്ഞ ഇരുപത്തഞ്ചു വർഷത്തെ നമ്മുടെ കുതിപ്പും കിതപ്പും

എന്റെ പ്രിയ സഹോദരങ്ങളേ,

ജൂബിലി വത്സരം സന്തോഷത്തിന്റെ അവസരമാണ്. അതിലുപരി അത് കഴിഞ്ഞ കാലഘട്ടത്തെ വിലയിരുത്തുവാനും നേട്ടങ്ങൾക്കു നന്ദിയർപ്പിക്കുവാനും കോട്ടങ്ങൾ വിലയിരുത്തുവാനുമുള്ള സമയമാണ്. ആ നിലയ്ക്ക് കഴിഞ്ഞ 25 വർഷം കൊണ്ട് സഭാ സാമുദായിക തലങ്ങളിൽ നാമെന്തു നേടി, നമുക്കുണ്ടായ കുറവുകൾ എന്ത് എന്നു വിലയിരുത്താം.

സഭയേയും സമുദായത്തെയും സ്നേഹിക്കുന്ന നമ്മുടെ ജനം ഈ പ്രവാസി നാട്ടിൽ കുടിയേറിയപ്പോൾ സാമുദായികമായി സംഘടിക്കുവാനും, തങ്ങളുടെ ഭാഷയിലും ആരാധനാക്രമത്തിലും സഭാ ശുശ്രൂഷ ലഭ്യമാക്കുവാനും 25 വർഷങ്ങൾക്കു മുൻപേ മുൻകൈയെടുത്തു എന്നത് പ്രശംസനീയമാണ്. തങ്ങളുടെയും അതിലുപരി മക്കളുടെയും ഭാസുര ഭാവിയെക്കരുതി ഇവിടെ വന്നവർ അമേരിക്കൻ സംസ്കാരത്തിൽ പൂർണ്ണമായി അലിഞ്ഞുചേരാതെ, കത്തോലിക്കാ വിശ്വാസവും ക്നാനായ പാരമ്പര്യങ്ങളും കേരള സംസ്കാരവും പരിപോഷിപ്പിക്കുവാൻ പരമാവധി പരിശ്രമിച്ചു വരുന്നത് ശ്ലാഘനീയമാണ്. അതിനു നേതൃത്വം കൊടുത്തു പോന്നവരെയെല്ലാം നന്ദിയോടെ സ്മരിക്കുന്നു.

നാളിതുവരെയുള്ള സംഘടനാ പ്രവർത്തനങ്ങളിലൂടെയും സഭാ ശുശ്രൂഷയിലൂടെയും നമ്മുടെ മക്കളിൽ സാമുദായികവും വിശ്വാസപരവും സാംസ്കാരികവുമായ മൂല്യങ്ങൾ പകരുവാൻ ഒരു പരിധിവരെ സാധിച്ചതിൽ നമുക്ക് അഭിമാനിക്കാം. നമ്മുടെ യുവജനങ്ങളിൽ പലരും സമുദായത്തിൽനിന്നു തന്നെ വിവാഹം ചെയ്യുവെന്നതും പാരമ്പര്യങ്ങൾ അഭിമാനത്തോടെ പാലിക്കുന്നുവെന്നതും സാമുദായിക നേട്ടങ്ങളാണ്. നമ്മുടെ കുട്ടികൾ ഭാരതീയ നൃത്തങ്ങളും കലാരൂപങ്ങളും വേഷവിധാനങ്ങളും മലയാള ഭാഷയും പഠിച്ചുവെന്നത് സാംസ്കാരിക നേട്ടമാണ്. നമുക്ക് ഒരു ഇടവകയും 10 മിഷനും എല്ലാ ക്നാനായക്കാരെയും ഉൾക്കൊള്ളുന്ന ക്നാനായ റീജിയണും ഉണ്ടായതാണ് സഭാപരമായ നേട്ടം.

എന്നാൽ നമ്മുടെ വളർച്ചയ്ക്കു സ്വാഭാവികമായി ചില പ്രതിബന്ധങ്ങൾ ഉണ്ടായത് നമ്മുടെ വികസനത്തെ പ്രതികൂലമായി ബാധിച്ചു. ക്നാനായ മിഷനുകളുടെ അംഗത്വത്തെ സംബന്ധിച്ചാണ് കഴിഞ്ഞ 25 വർഷത്തെ നമ്മുടെ പ്രശ്നങ്ങളേറെയും. ഇടവകാംഗത്വത്തെ സംബന്ധിച്ച് കോട്ടയം അതിരൂപതയിൽ നിലനില്ക്കുന്ന സമ്പ്രദായം ഇവിടെയും തുടർന്നു കാണുവാൻ അവിടെനിന്നു വന്നവർ താല്പര്യം കാണിക്കുക സ്വാഭാവികമാണ്. പതിനാറിലേറെ നൂറ്റാണ്ടുകളായി നം തുടർന്നുവരുന്ന പാരമ്പര്യം സമുദായത്തിൽ നിലനിർത്തുന്നതുകൊണ്ടാണ് "ലോകത്തിലെ എട്ടാമത്തെ അത്ഭുതമായി" ഈ സമുദായം തുടരുന്നത്. അതു പരിപോഷിപ്പിക്കുവാനുള്ള പ്രധാന ഉത്തരവാദിത്വം കുടുംബങ്ങൾക്കാണ്. മാതാപിതാക്കളും കുടുംബങ്ങളും മുൻകൈയെടുത്ത് കൗമാര വിവാഹം നിശ്ചയിച്ചിരുന്ന കാലഘട്ടത്തിൽ ഇത് എളുപ്പമായിരുന്നു. കൂടാതെ ക്നാനായ ഇടവകകൾ ഇക്കാര്യത്തിൽ പ്രോത്സാഹനം നല്കിപ്പോന്നു.

കോട്ടയം രൂപത സ്ഥാപിതമായപ്പോൾ ക്നാനായക്കാരുടെ മേൽ വ്യക്തിഗത അജപാലന അധികാരമാണ് കോട്ടയം മെത്രാനു ലഭിച്ചത്. അക്കാരണത്താൽ ഒരു സമുദായാംഗം ക്നാനായാംഗമല്ലാത്ത ഒരാളെ വിവാഹം ചെയ്യുമ്പോൾ ആ ജീവിത പങ്കാളിയുടെയോ അവർക്കുണ്ടാകുന്ന മക്കളുടെയോ അജപാലന അധികാരം കോട്ടയം മെത്രാന് ഇല്ല. അതിനാലാണ് കുടുംബാംഗത്വത്തെകരുതി അവരോട് ക്നാനായേതര സീറോ-മലബാർ ഇടവകയിൽ ചേരുവാൻ പ്രോത്സാഹിപ്പിച്ചിരുന്നത്. എങ്കിലും ആ വിവാഹമൊഴികെ ബാക്കി എല്ലാ അജപാലന ശുശ്രൂഷയും അവരുടെ വികാരിയുടെ അനുവാദത്തോടെ ക്നാനായ പള്ളികളിൽ നടത്തിപ്പോരുന്നു. ക്നാനായക്കാരല്ലാത്ത മറ്റ് ഇടവകക്കാരും നമ്മുടെ പള്ളികളിൽ സജീവമായി പ്രവർത്തിച്ചു വരുന്നുണ്ട്. പൊതുയോഗം, പാരീഷ് കൗൺസിൽ, കൈക്കാരൻ എന്നീ ഇടവക ഭരണ തലങ്ങളൊഴികെ ബാക്കി എല്ലാ പ്രവർത്തനങ്ങളിലും സമുദായം മാറി വിവാഹം ചെയ്തവരെയും അന്യ ഇടവകക്കാരെയും പങ്കെടുപ്പിച്ചുകൊണ്ട് ഏറെ സൗഹൃദത്തോടെയാണ് നമ്മുടെ നാട്ടിലെ ക്നാനായ ഇടവകകൾ പ്രവർത്തിച്ചുവരുന്നത്.

സമുദായ പങ്കാളിത്തം നഷ്ടപ്പെടുമെന്നറിഞ്ഞുകൊണ്ടുതന്നെ സമുദായത്തിനു വെളിയിൽനിന്നു വിവാഹം ചെയ്തവർ ക്നാനായ മിഷനുകളിൽ അംഗത്വത്തിനു ശ്രമിച്ചതും അവരെ പിന്തുണയ്ക്കുവാൻ വംശശുദ്ധി നിലനിർത്തുന്ന ചിലർ തയ്യാറായതും പ്രശ്നത്തിനു തുടക്കം കുറിച്ചു. അതുപിന്നെ കക്ഷിതിരിഞ്ഞു വാശിയേറിയ മത്സരമായി മാറി. തൽഫലമായി അനുരഞ്ജന ചർച്ചകളും ഒത്തുതീർപ്പു ഫോർമുലകളും ഫലശൂന്യമായി.

ഷിക്കാഗോ സീറോ-മലബാർ രൂപത 2001ൽ നിലവിൽ വന്നപ്പോൾ പ്രശ്നത്തിന്റെ ഗതി മറ്റൊരു ദിശയിലേയ്ക്കു തിരിഞ്ഞു. സമുദായാംഗത്വത്തെ സംബന്ധിച്ച് റോമിന്റെ നിർദ്ദേശം നടപ്പിലാക്കുവാൻ രൂപതാദ്ധ്യക്ഷൻ നിർബന്ധിതനായി. എന്നാൽ അതു പ്രാവർത്തികമാക്കുവാൻ പാടില്ലെന്ന നിലപാട് സാമുദായിക സംഘടനകൾ കൈക്കൊണ്ടു. അങ്ങനെ കഴിഞ്ഞ 25 വർഷമായി നമ്മൾ കാര്യമായ നേട്ടമുണ്ടാക്കാതെ പ്രശ്നത്തിന്റെ നീർച്ചുഴിയിലാണ്. അതിനിടയിൽ നമുക്കു സ്വന്തമായ പള്ളികൾ സ്ഥാപിക്കാനോ, സഭാപരമായ വളർച്ച നേടാനോ, സാമുദായിക ഐക്യം നിലനിർത്തുവാനോ, മക്കളെ പരമാവധി സമുദായ

(Continued on page 4)

### നുറുങ്ങുവെട്ടം



കലഹിക്കുന്ന മക്കൾക്കല്ല, പരസ്പരം സ്നേഹിക്കുകയും തന്റെ പ്രതിനിധികളെ ആദരിക്കുകയും ചെയ്യുന്നവർക്കാണ് ദൈവം കൃപ ചൊരിയുന്നത്.

# കൂട്ടായ തീരുമാനങ്ങളെടുത്ത് ഐക്യത്തോടെ മുന്നേറുക.

### കെ.സി.എസ്. കമ്മ്യൂണിറ്റി സെന്ററിൽ അഭിവന്ദ്യ മാർ ജോസഫ് പണ്ടാരശ്ശേരിൽ പിതാവ് ചെയ്ത പ്രസംഗം.



മാർ ജോസഫ് പണ്ടാരശ്ശേരിൽ

... ഇവിടെ വരുന്ന സമയത്ത് എനിക്ക് ഏറെ ആശങ്കയുണ്ടായിരുന്നു. ഇന്നെനിക്ക് ഒരാശങ്കയുമില്ല. സ്നേഹോഷ്മള സ്വീകരണങ്ങളും, എല്ലാവരുമായിട്ടുള്ള സംസാരവും വഴി എന്റെ പ്രതീക്ഷ എത്തിനില്ക്കുന്നതും ഞാൻ വിഭാവന ചെയ്യുന്നതും നമ്മുടെ സമൂഹത്തിന്റെ ശുഭാപ്തി നിറഞ്ഞ ഭവിയിലാണ്. കൂടുതൽ ഐക്യത്തോടു കൂടി മുന്നോട്ടു കൊണ്ടുപോകുവാനുള്ള ശ്രമം ഇപ്പോൾ എല്ലായിടത്തും നിലനില്ക്കുന്നുവെന്ന് ഞാൻ മനസ്സിലാക്കുന്നു.

ന്യൂയോർക്കു മുതൽ നമ്മുടെ ആളുകൾ വസിക്കുന്ന വിവിധ സ്ഥലങ്ങൾ ഇതിനോടകം ഞാൻ സന്ദർശിച്ചു കഴിഞ്ഞു. അവിടെയുള്ള ആളുകളുമായി ദീർഘനേരം സംസാരിക്കുവാനും അവരുടെ ചോദ്യങ്ങൾക്കു മറുപടി പറയുവാനും അവസരം ലഭിച്ചു. ഓരോ സ്ഥലങ്ങളിലെയും ഭാരവാഹികളുമായി മീറ്റിംഗുകൾ നടത്തി. ഇപ്പോഴും സംശയങ്ങൾ ഏറെയുണ്ട്. ഏറെ കാര്യങ്ങൾ ഇനിയും അറിയുവാനും മനസ്സിലാക്കുവാനുമുണ്ട്. അവയെ ഒഴിവാക്കിയാൽ വളരെ നല്ല രീതിയിൽ നമ്മൾ മുൻപോട്ടു പൊയ്ക്കൊണ്ടിരിക്കുന്ന എന്ന സൂചനയാണ് എനിക്കു ലഭിച്ചിട്ടുള്ളത്. അതിലുള്ള സന്തോഷമാണ് ഇന്നെനിക്കുള്ളത്.

ക്നാനായ സമുദായത്തിന്റെ സവിശേഷത നമ്മുടെ ചരിത്രപരമായ കമ്മ്യൂണിയനാണ്. ഈ കമ്മ്യൂണിയൻ ആരംഭിക്കുന്നത്ഏ.ഡി. 345ലാണ്. അന്നത്തെ ആ യാത്രയിൽ ക്നായി തൊമ്മൻ, ഉറഹാ മാർ യൗസേപ്പ്, വൈദികർ, ശെമ്മാശന്മാർ, അല്മായ സഹോദരങ്ങൾ എന്നിവരുടെ കൂട്ടായ്മയാണുണ്ടായിരുന്നത്. അന്നു മുതൽ ഇന്നുവരെ മെത്രാനും വൈദികരും അല്മായ സഹോദരങ്ങളും ചേരുന്ന ആ കൂട്ടായ്മയാണ് നമ്മളെ നിലനിർത്തുന്നതും നമ്മുടെ വളർച്ചയ്ക്കു കാരണമാകുന്നതും. 2008ൽ എത്തി നില്ക്കുമ്പോൾ, സാമുദായികമായും സഭാപരമായും നമ്മൾ നേടിയിട്ടുള്ള വളർച്ചയ്ക്കെല്ലാം കാരണമായത് ഈ കമ്മ്യൂണിയനാണ്.

ചരിത്രപരമായി, നമ്മുടെ ഉള്ളിൽനിന്നുമുള്ള ഈ കമ്മ്യൂണിയനോടൊപ്പം പുറമേനിന്നുമുള്ള നല്ല ബന്ധങ്ങളും നാം തുടർന്നു കൊണ്ടു പോകണം. മെത്രാന്മാരും വൈദികരും അല്മായരും ഒന്നിച്ചിരുന്നു ചിന്തിക്കുന്ന, യാത്ര ചെയ്യുന്ന, നമ്മുടെ ഉള്ളിൽനിന്നുമുള്ള കമ്മ്യൂണിയൻ എന്നും, നൂറ്റാണ്ടുകളോളം വിഘ്നമില്ലാതെ നാം കൊണ്ടു പോകുക എന്നത് നമ്മുടെ ചരിത്രത്തിന്റെ ഭാഗമായിരുന്നു; വളർച്ചയുടെ ഭാഗമായിരുന്നു. ആരുടെയെങ്കിലും ഭാഗത്തുനിന്ന് ഈ കമ്മ്യൂണിയനു തടസ്സമുണ്ടാകുന്നുവെങ്കിൽ അതു മനസ്സിലാക്കി, ആ തടസ്സം പരിഹരിക്കപ്പെടണം. ഇതൊരു ചങ്ങലയാണ്. ഈ ചങ്ങലയിലെ ഒരു കണ്ണിയ്ക്ക് ക്ഷതം സംഭവിച്ചാൽ മുഴുവൻ ചങ്ങലയ്ക്കും ശക്തി ക്ഷയം സംഭവിക്കും. ഈ കാര്യങ്ങൾ മനസ്സിലാക്കി നമ്മൾ ഉണരേണ്ട സമയമാണിത്. കെ.സി.എസ്. ഇരുപത്തിയഞ്ചാം വർഷത്തിലേയ്ക്കും കോട്ടയം അതിരൂപത ശതാബ്ദിയിലേയ്ക്കും കടക്കുന്ന വളരെ പ്രധാനപ്പെട്ട അവസരമാണിത്. ഇതൊരു കോയിൻസിഡൻസാണ്. മേൽ സൂചിപ്പിച്ച കമ്മ്യൂണിയനിൽനിന്നു ചിന്തിച്ച് തീരുമാനങ്ങളെടുക്കേണ്ട സമയമാണിത്.

കൊടുങ്ങല്ലൂരു വന്നിറങ്ങിയ കാലത്ത് അന്നവിടെയുണ്ടായിരുന്ന മാർ തോമ്മാ ക്രിസ്ത്യാനികളുമായി അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായിരുന്നെങ്കിലും, അവരുമായി നല്ല ബന്ധത്തിലും, സ്നേഹത്തിലും, സഹകരണത്തിലും മുന്നോട്ടു പോകുവാൻ നമുക്കു സാധിച്ചിരുന്നു. 1911ൽ കേരളത്തിലുണ്ടായിരുന്ന മെത്രാന്മാർ നമുക്കനുകൂലമായി നിന്നിരുന്നതുകൊണ്ടാണ് നമ്മുടേതായ വികാരിയാത്ത് അനുവദിച്ചു കിട്ടിയത്. പിന്നീട് രൂപതയായതും ഇപ്പോൾ അതിരൂപതയായതും പുറമേയുള്ള നല്ല ബന്ധങ്ങൾ നമ്മൾ നിലനിർത്തി പോരുന്നതുകൊണ്ടാണ്. സീറോ-മലബാർ സഭയുടെ അതിർത്തിക്കുള്ളിൽ ക്നാനായക്കാരുടെമേൽ കോട്ടയം രൂപതാദ്ധ്യക്ഷന് അധികാരം നല്കിയതും കോട്ടയം രൂപത അതിരൂപതയാക്കുന്നതിന് സീറോ-മലബാർ സഭയിലെ മെത്രാന്മാർ അനുകൂലമായി നിന്നതും അവരോട് നല്ല ബന്ധം നിലനിർത്തുന്നതുകൊണ്ടു മാത്രമാണ്. ഇപ്പോൾ കോട്ടയം അതിരൂപതയ്ക്ക് സഹായ മെത്രാനെ അനുവദിച്ചതും സീറോ-മലബാർ സഭയുടെ മെത്രാൻ സിനഡാണെന്ന കാര്യം വിസ്മരിച്ചുകൂടാ.

കഴിഞ്ഞ എപ്പർക്കിയൽ അസംബ്ലിയിൽ ചച്ച ചെയ്ത് ചില നിവേദനങ്ങൾ നമ്മൾ സീറോ-മലബാർ സഭാധികാരികൾക്കും റോമിലേയ്ക്കും സമർപ്പിച്ചിട്ടുണ്ട്. മലബാറിൽ നമുക്ക് രൂപത അനുവദിക്കുക, ലോകമെമ്പാടുമുള്ള ക്നാനായക്കാരുടെമേൽ കോട്ടയം അതിരൂപതാദ്ധ്യക്ഷന് അജപാലനാധികാരം, അവർക്കായി ഇടവകകൾ സ്ഥാപിക്കുന്നതിനുള്ള അധികാരം, കോട്ടയം അതിരൂപതയിൽപ്പെടുന്ന മലങ്കര വിഭാഗക്കാർക്കായി പ്രത്യേകം രൂപത, എവയാണ് നമ്മൾ സമർപ്പിച്ചിരിക്കുന്ന നിവേദനങ്ങൾ.

*(Continued on page 5)*

*(Continued from page 3)*

ത്തിൽ പിടിച്ചു നിർത്തുവാനോ കഴിയുന്നില്ല. പ്രശ്നങ്ങൾ പക്വമായി പരിഹരിച്ചാലേ നമുക്കു പുരോഗതി കൈവരിക്കാനാവൂ.

നമ്മുടെ മിഷന്റെയും സംഘടനയുടെയും ജൂബിലി ആഘോഷിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ സമുദായ തലവനും സഭാമേലദ്ധ്യക്ഷനുമായ അഭിവന്ദ്യ മാർ മാത്യു മൂലക്കാട്ടു പിതാവിനോടു യോജിച്ച് പ്രശ്ന പരിഹാരം കണ്ടെത്തുകയും നടപ്പിലാക്കുകയും വേണം. സഭയേയും സമുദായത്തെയും സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്ന അദ്ദേഹത്തിന്റെ നിർദ്ദേശത്തോടു നാം യോജിച്ചാലേ നമ്മുടെ പ്രശ്നങ്ങൾക്കു പരിഹാരവും സാമുദായിക ഐക്യവും നേടാനാകൂ. അതായിരിക്കട്ടെ ഈ ജൂബിലി വത്സരത്തിലെ നമ്മുടെ തീരുമാനം. അപ്പോൾ കഴിഞ്ഞ ഒന്നര വരിഷംകൊണ്ട് നമ്മുടെ മേവുഡ് പള്ളിവഴി നാം കുതിച്ചുയർന്നതുപോലെ അടുത്ത പത്തു വർഷത്തിനകം നാം സഭാപരമായി ഏറെ കുതിച്ചുയരും. അതിനു ദൈവം നമുക്കു കൃപ തരുകയും ചെയ്യും.

ഒത്തിരി സ്നേഹത്തോടെ,

ഫാ. എബ്രഹാം മുത്തോലത്ത്

*(Continued from page 4)*

ചിക്കാഗോയിൽ സീറോ-മലബാർ രൂപത സ്ഥാപിക്കുന്നതിന് അനേക വർഷങ്ങൾക്കു മുൻപുതന്നെ സമുദായത്തിന്റെ സുസ്ഥിതിയും കെട്ടുറപ്പും കാത്തു സൂക്ഷിക്കുന്നതിനുവേണ്ടി അനേക കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന സംഘടനയാണ് കെ.സി.എസ്. വർഷങ്ങളായി ഈ സംഘടനയുടെ കീഴിൽ ഈ കൂട്ടായ്മയും സാമുദായിക ബോധവും നമ്മൾ വളർത്തിക്കൊണ്ടു വരുന്നു.

ഓരോ റീത്തിലും ഉൾപ്പെടുന്ന ആളുകൾ എവിടെ ആയിരുന്നാലും അവരുടെ ആരാധനാ പൈതൃകം, പാരമ്പര്യം എന്നിവ സംരക്ഷിക്കണമെന്ന് കാനൻ നിയമം അനുശാസിക്കുന്നുണ്ട്. ഈ കാനൻ നിയമത്തിന്റെ അടിസ്ഥാനത്തിൽ ചിക്കാഗോയിൽ സീറോ-മലബാർ രൂപത ഉണ്ടായപ്പോൾ ക്നാനായക്കാർക്ക് പ്രത്യേക സംവിധാനം വേണമെന്ന് അസ്സോസിയേഷനും കോട്ടയം രൂപതയും ആവശ്യപ്പെടുകയുണ്ടായി. അതിന്റെ പശ്ചാത്തലത്തിലാണ് ബഹു. മുത്തോലത്തച്ചനെ ഇവിടെയുള്ള ക്നാനായക്കാരുടെ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിന് വികാരി ജനറാളായി അഭിവന്ദ്യ അങ്ങാടിയാത്തു പിതാവു നിയമിച്ചത്. അതേ തുടർന്നു ക്നാനായ മിഷനുകൾ പലതും പിതാവ് അനുവദിച്ചു നല്കുകയുണ്ടായി. എങ്കിലും മിഷനുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് സംശയങ്ങൾ നിലനിന്നിരുന്നു. അവ നമ്മൾ ദുരീകരിച്ചുകൊണ്ടിരിക്കുകയാണ്. പല കാര്യങ്ങൾ നമ്മൾ പഠിച്ചുകൊണ്ടുമിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ നാമിന്ന് ഒരു ട്രാൻസിഷൻ ഘട്ടത്തിലാണ്. ഈ അവസരത്തിൽ അഭിപ്രായ വ്യത്യാസങ്ങൾ നിലനില്ക്കുന്നുവെന്നത് സ്വാഭാവികമാണ്.

ഇവിടെ നമ്മൾ മിഷനുകൾ സ്ഥാപിക്കുനതിനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. നാട്ടിൽ ഒരു ഇടവക സ്ഥാപിക്കുന്ന അതേ മാനദണ്ഡത്തിലാണ് ഈ മിഷനുകളും നാം രൂപീകരിക്കുന്നത്. ഇടവകയ്ക്കായി നാം പണം സംഭരിച്ച്, സ്ഥലം വാങ്ങി, പള്ളി പണിയുന്നു. അത് രൂപതയ്ക്കു നല്കുന്നു. അത് എന്നും ആ ഇടവകയുടെ അജപാലന കാര്യങ്ങൾ നിർവ്വഹിക്കുന്നതിനു മാത്രമായി വിനിയോഗിക്കുന്നു. ഈ സംവിധാനമാണ് ഇവിടെയും നടപ്പിലാക്കേണ്ടത്. ഇതിന്റെ പേരിൽ എവിടെയെങ്കിലും എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അത് ഒറ്റയ്ക്കൊറ്റയ്ക്ക് തീരുമാനങ്ങളെടുത്ത് മുന്നോട്ടു പോകാതെ, ഞാൻ നേരത്തെ സൂചിപ്പിച്ച കമ്മ്യൂണിയനിൽ ചർച്ചചെയ്ത് തടസ്സങ്ങൾ നീക്കി നല്ല തീരുമാനങ്ങളുമായി മുന്നോട്ടു പോകുവാൻ നാം ശ്രമിക്കണം. ഇല്ലെങ്കിൽ നമുക്ക് പുറമേ നിന്നു കിട്ടേണ്ട കാര്യങ്ങൾ കിട്ടാൻ തടസ്സമാകും; കിട്ടാതെയും വരും.

നാളിതുവരെ നമ്മൾ കൂട്ടായ്മയോടെ ആവശ്യപ്പെട്ട കാര്യങ്ങൾ നമുക്കു ലഭിച്ചിട്ടുണ്ട്. അതിനാൽ ഭയപ്പാടിന്റെ ആവശ്യമില്ല. മെത്രാനും വൈദികരും സംഘടനാ നേതൃത്വവുമെല്ലാം ആഗ്രഹിക്കുന്നത് ഒന്നു തന്നെയാണ്. അതുകൊണ്ട് ഏതു കാര്യത്തെക്കുറിച്ചും അറിഞ്ഞ് തീരുമാനങ്ങളെടുക്കുക. സഭയേക്കുറിച്ചു കൂടുതൽ അറിവുള്ളവരാണ് മെത്രാന്മാർ. അവരുടെ കൂടെക്കൂടെയുള്ള സന്ദർശനവും, വൈദികരും അല്മായരുമായുള്ള നല്ല ഇടപെടലും സംശയ ദുരീകരണത്തിന് വഴിതെളിക്കും. എല്ലാ കാര്യങ്ങളും നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുപോകുവാൻ സാധിക്കുമെന്ന് എനിക്കു നല്ല വിശ്വാസമുണ്ട്.

അടുത്തു വരുന്ന കെ.സി.സി.എൻ.ഏ. കൺവെൻഷൻ വളരെയേറെ പ്രതീക്ഷ നല്കുന്നതാണ്. ഈ അവസരത്തിൽ കൂട്ടായ നല്ല തീരുമാനങ്ങൾ എടുക്കുവാൻ നമ്മൾ തയ്യാറാകണം. ഇനിയുമുള്ള നമ്മുടെ തീരുമാനങ്ങൾ പ്രാർത്ഥനയോടുകൂടി, വളരെ ആലോചിച്ച്, ശാന്തതിൽ, കൂട്ടായ്മയിൽ മാത്രമെടുക്കുക. എങ്കിൽ മാത്രമേ അതു ദൈവഹിതമാവുകയുള്ളൂ. കുറേ മിഷനുകൾ സ്ഥാപിക്കുക എന്നതു മാത്രമല്ല നമ്മുടെ ലക്ഷ്യം. പിന്നെയോ ഭാവിയിൽ ഒരു ക്നാനായ രൂപത ഇവിടെ ഉണ്ടാകുക എന്നതാണ് നമ്മുടെ ലക്ഷ്യം.

ഇന്നുവരെയുള്ള നമ്മുടെ ചരിത്രം പരിശോധിക്കുമ്പോൾ പ്രതിസന്ധികളിലൂടെ കടന്നുപോയവരാണ് നമ്മൾ. എല്ലാ കാര്യങ്ങളും താമസിച്ചാണ് നമുക്കു ലഭിച്ചിട്ടുള്ളത്. പക്ഷേ ദൈവം നമ്മോടൊപ്പം ഉണ്ടായിരുന്നു. ചരിത്രപരമായ ഈ വർഷത്തിൽ 25ഉം 100ഉം വർഷങ്ങളിലേയ്ക്കുള്ള നമ്മുടെ കാൽവയ്പിൽ ഐക്യത്തോടെ നമുക്കു മുന്നോട്ടു പോകാം. ഐക്യത്തിൽ ദൈവമുണ്ടെന്നു നമ്മൾ വിശ്വസിക്കണം. അമേരിക്കയിൽ വന്നിറങ്ങിയതിന്റെ ഇരട്ടി സന്തോഷം ഇന്നെനിക്കുണ്ട്, സംതൃപ്തിയുണ്ട്. ഇത്രയധികം സ്നേഹം പങ്കുവയ്ക്കുന്ന ഒരു സമൂഹം എങ്ങുമുണ്ടാവില്ല; ഒരു ജനതയ്ക്കിടയിലും ഉണ്ടാവില്ല. ഇതു ക്നാനായ സമുദായത്തിന്റെ മാത്രം പ്രത്യേകതയാണ്. ക്നാനായ സമുദായത്തിലെ ഒരു മെത്രാനാകുവാൻ ദൈവം അനുവദിച്ചതിൽ ഞാൻ അത്യധികം സന്തോഷവാനാണ്. നിങ്ങളുടെ ഈ വലിയ സ്നേഹത്തിന് നന്ദി.







**Photos Top and Right:** Health Awareness seminars for adults, senior citizens and children.

**Photo Left:** Fr. Saji Mukkoott offering Syro-Malankara Mass at our church.



# The Impact of a Knanaya Church in My Life

# It Hurts to See What Others are Missing

**Speech by Rosan Pathiyil at the reception to Bishop Mar Joseph Pandarasseril at Maywood Church.**

It is indeed a joyous occasion, to be able to celebrate mass with our bishop in a church of our own. For most of the parents, it may not mean much but for us youth and children it is a unique experience since this is the first and the only Knanaya church outside Kerala. I am not just speaking for myself, but also for all the rest of the youth when I say, this is a turning point in our spiritual as well as social growth. Growing up both in California and here in Chicago, my brother and I lead a quite life not having many Knanaya friends and therefore not having as much interest in our traditions and customs. Because there were very limited opportunities for us to get involved and foster relationships other than the occasional get together organized by the associations.

That all changed on a beautiful summer day in 2006. Due to the hard work and dedication by Fr. Mutholath and many others, we were blessed with this beautiful church. At first, it was difficult for me to understand the importance of having a separate church, but soon I realized that this is something that I should be proud of and cherish. My brother and I started to come to church on a regular basis with our parents. With some persuasion I got involved in the Religious Education program as a kindergarten teacher. That was the beginning of a beautiful journey in my life. Last year I graduated along with my students into the first grade and I am looking forward to another fruitful year of sharing and learning and continue my journey in my spiritual growth.

Under the spiritual guidance of Fr. Mutholath, and great leadership by people like Johny Thekkeparambil, Tomy Kunnassery, Sabu Mutholath, and many others, we flourished and established several ministries. Residential youth retreats, several one day seminars, blood drives, Religious festivals, etc. uplifted our faith and gave us opportunities to cherish and value our faith and cultural experience. Today, I look forward to coming to church every Sunday, being able to socialize with my friends on a regular basis, growing in my faith while deepening my commitment to uphold and continue the century's old traditions and customs. Seeing all the children, aunties and uncles laugh and enjoy being in church and with one another is a site that is difficult to describe. All this is possible because of the regularity and the environment that only a church can provide.



**Rosan Pathyil**
**R.E. Secretary 08-09**

In conclusion, I have a humble request to Your Excellency. Since all the youth and children who come to this church are enjoying all the benefits of having a church, please convey a message of hope and help us share in the enthusiasm and optimism with the other youth and children and encourage them to get involved so they can also have the benefit that we are having. Knowing what we are getting, it hurts me to know that there are Knanaya youth and children out there who are missing out on this tremendous journey. Once again thank you for your inspiration and leadership and wish you a blessed journey.

## For Favors Received



- സണ്ണി തെക്കേപ്പറമ്പിൽ

## REGISTRATION FOR RELIGIOUS EDUCATION SCHOOLS

- Registration for Sacred Heart and St. Mary's Religious Educations Schools of our Parish will start on Sunday, August 3, 2008.
- Regular Sunday School Classes will start on September 7, 2008.
- Fee and Class schedule will as of last year.
- Application form will be available at the church or at the parish website: www.knanayaregion.us/chicago.
- Parents of all new and ongoing students shall fill up the form and submit it along with registration fees.
- Application form and fee can also be mailed in the parish address given in the application form.



| SUNDAY OFFERINGS | JULY 27 |
|---|---|
| **St. Mary's Unit at OLV** | **89.00** |
| S.H. Church Mass offering | 681.00 |
| Manikilukkam (Partial) & Building Fund | 1,000.00 |
| Building Fund | 25.00 |
| Piggy Bank (Children) | 103.23 |
| Agape Stall for Charity | 51.00 |
| **TOTAL AT SACRED HEART** | **1,860.23** |
| **Thank you for your support** | |



## Ushers at Sacred Heart

| August 3 | August 10 |
|---|---|
| Sherry Kulathilkarottu | Sherry Kulathilkarottu |
| Vinitha Padinjath | Vinitha Padinjath |
| Kichu Maliackalthara | Aniena Mukalel |
| Tinu Parangattu | Sindu Mukalel |
| Stephanie Vanchipurackal | Geo Chemmachel |
| Jamie Mutholam | Vimal Thottupurathu |

## READERS / LECTORS കൈക്കാരന്മാർ

| August 3 | PASSAGE | SACRED HEART CHURCH | ST. MARY'S UNIT |
|---|---|---|---|
| 1st Reading | Leviticus 25: 8-13 | Sally Muriparambil | Nidhin Kuruppamparampil |
| 2nd Reading | 2 Corinthians 9: 7-15 | Royce Njaraveli | Teenamol Kalasherry |
| August 10 | | | |
| 1st Reading | 1 Kings 19:9a, 11-13a | Daisy Philip | TBA |
| 2nd Reading | Romans 9:1-5 | Jintu John | TBA |



## രോഗീപരിചരണ ശുശ്രൂഷയെക്കുറിച്ച് പ്രത്യേക ധ്യാനം



**Fr. Joy Cheradiyil (Chittoor Retreat Center) —>**
**<— Fr. Sebastian Vechookarottu (Emmanuel Love Community, Knajirappally)**

നമ്മുടെ ഇടവകയിൽ ഇദംപ്രഥമമായി നമ്മുടെ ആവശ്യപ്രകാരം രോഗീപരിചരണ രംഗത്തുള്ളവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും മറ്റെല്ലാവർക്കും വേണ്ടി രോഗീശുശ്രൂഷയുമായി ബന്ധപ്പെടുത്തി മൂന്ന ദിവസത്തെ ധ്യാനം നടത്തുന്നു. കേരളത്തിലെ പ്രശസ്ത ധ്യാനകേന്ദ്രങ്ങളിൽനിന്നെത്തുന്ന വൈദികർ നയിക്കുന്ന ഈ ധ്യാനത്തിൽ പുതു പ്രചോദനം ലഭിക്കുവാനും ഈശോയുടെ രോഗശാന്തി ശുശ്രൂഷയും തങ്ങളുടെ പ്രൊഫഷനുമായി ബന്ധപ്പെടുത്തി ധ്യാനിക്കുവാനും നല്ല വേദിയൊരുക്കുന്നു. മറ്റുള്ളവർക്കും ഈ ധ്യാനം പ്രയോജനപ്പെടുത്താവുന്നതാണ്.

**പ്രോഗ്രാം**

ആഗസ്റ്റ് 22 വെള്ളി വൈകുന്നേരം 6:30 മുതൽ 9:30 വരെ

ആഗസ്റ്റ് 23, 24 ശനിയും ഞായറും രാവിലെ 10:00 മുതൽ വൈകുന്നേരം 5:00 വരെ.

SPACE AVAILABLE

FOR YOUR

ADVERTISEMENT

**Best compliments from The Mutholath Family**

**Pro-Rehab Services, P.C.**



**Outpatient Rehab. Specialists.**
Orthopedic PT, OT, ST, Pediatric Therapy, Sports Medicine, Stroke Rehab, Lymphedema Treatment.
6400 College Dr. Suite 800, Palos Heights, IL 60463, (708) 489 6PRS
9518 W. 179th Street, Tinley Park, IL 60487
*www.pro-rehabservices.com*

**Choicecare Home Health, Inc.**

**Skilled Home Health Agency of Choice**
Intermittent Skilled Nursing, PT, OT, Speech and Language Pathology, Medical Social Worker, Home Health Aide.
6400 College Dr. Suite 100, Palos Heights, IL 60463
(708) 489-0123, *www.choicecarehh.com*

Medicare Certified, most insurance accepted.

**Professional with 11 years experience in catering.**

Call **WILLIAM GEORGE**
3519 W. Montrose Ave,
Chicago, IL 60618
Tel: 773-588-0304
Cell 773-842-5179
E-mail:
malabarcat@yahoo.com

YOU INVITE THE GUESTS, WE DO THE REST
Malabar
Catering &Carry-out

**COMPUTER SERVICE & SUPPORT**
***Home/Office service & Network***
*CALL FOR DETAILS*
Saju Chemmalakuzhy
Cell.224-392-0687
Sajuchemmala-kuzhy@gmail.com
***MS Certified since 1997***

*We put our money where our mouth is*



Free Refinanceing !!!!!
Loan amount up to 100%
No credit, Poor credit - No Problem !
buy new home/investment property

Citywide Mortgage of America Corp.
Jimmy Thomas Kollappallil
Cell: (847) 814-3949
Off: (773) 202-2600
Fax: (773) 202-2605
Email:jimmy@citywidema.com
ക്രെഡിറ്റ് ഇല്ലേ ... സാരമില്ലാ
ക്രെഡിറ്റ് മോശം ... സാരമില്ലാ
100% ലോൺ നൽകപ്പെടും
പുതിയ വീട് വാങ്ങണനം...
ഉടൻ വിളിക്കൂ (847) 814-3949

